## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. അമൽ രാജ്.കെ.വി യ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ) നമ്പർ.3137/2017/തസ്വഭവ തിരുവനന്തപുരം, തീയതി.25/09/2017

---

പരാമർശം: 1) ശ്രീ. അമൽ രാജ്.കെ.വി യുടെ 04.04.2017 ലെ ശൂന്യവേതനാവധിയപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 20.05.2017, 08.08.2017 എന്നീ തീയതികളിലെ ഇ 6-16800/17 നമ്പർ കത്തുകൾ.

### ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. അമൽ രാജ്.കെ.വി യ്ക്ക് ദേവഗിരി സെന്റ് ജോസഫ് കോളേജിലെ സുവോളജി വിഷയത്തിൽ ബാച്ചിലർ ഓഫ് സയൻസ് കോഴ്സ് പൂർത്തിയാക്കുന്നതിലേക്കായി ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അവധിയപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു

2. ശ്രീ. അമൽ രാജ്.കെ.വി, 01.04.2017 ൽ ക്ളാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് ദേവഗിരി സെന്റ് ജോസഫ് കോളേജിലെ സുവോളജി വിഷയത്തിൽ ബാച്ചിലർ ഓഫ് സയൻസ് കോഴ്സ് പൂർത്തിയാക്കുന്നതിലേക്കായി 01.06.2017 മുതൽ 31.03.2018 വരേക്കാണ് അപേക്ഷിച്ചിട്ടുള്ളത്. ദേവഗിരി സെന്റ് ജോസഫ് കോളേജ് പ്രിൻസിപ്പൽ നല്കിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. അമൽ രാജ്.കെ.വി യ്ക്ക് ബാച്ചിലർ ഓഫ് സയൻസ് കോഴ്സ് ചെയ്യുന്നതിലേക്ക് 01.06.2017 മുതൽ 31.03.2018 കാലയളവിലേക്ക് കെ എസ് ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്കു വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി.പി. ശ്രീജിത്ത്**

**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, കുന്ദമംഗലം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ. അമൽ രാജ്.കെ.വി, ക്ളാർക്ക്, കുന്ദമംഗലം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പിന് ( 14.09.2017 ലെ RULES-B2/207/2017-FIN നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ( ഇപിഎ 1/163/17/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ